രണ്ട്
## നല്ലവരാകുക

എനിക്ക് ഡോക്ടറാകണം. എന്റെ കുട്ടിയെ എഞ്ചിനീയറാക്കണം എന്നൊക്കെ പലരും പറയുന്നത് കേട്ടിട്ടില്ലേ?

നാം വലിയവരാകണം. അതാണ് നമ്മുടെ മാതാപിതാക്കൾക്കിഷ്ടം. വലിയവർ എന്നാൽ ഉയർന്ന ജോലിയും ശമ്പളവുമൊക്കെയുള്ളവർ എന്നാണ് അവർ കരുതുന്നത്. അതിനു വേണ്ടി അവർ ഒരുപാട് കഷ്ടപ്പെടുന്നുണ്ട്. പക്ഷേ, നല്ലവരായാലേ വലിയവരാകാൻ പറ്റുക യുള്ളൂ എന്ന് നാം മനസ്സിലാക്കുക.

നല്ലവരായി വലിയവരാകുക. അതിന് ഇപ്പോഴേ നാം ശ്രമിക്കണം. അതിന് എന്താണ് ചെയ്യേണ്ടത്?

നാം ചെയ്യുന്ന കാര്യങ്ങൾ നന്നായി, ഭംഗിയായി ചെയ്യുക. അത്രതന്നെ. അതായത്, നന്നായി പഠിക്കുക. നന്നായി കളിക്കുക, നന്നായി ഉറങ്ങുക. നന്നായി തിന്നുക, നല്ലതു പോലെ സ്വപ്നം കണ്ടുറങ്ങുക. നാളെക്ക് ഒന്നും ബാക്കിവെക്കാതെ എല്ലാം ഇന്നു തന്നെ ചെയ്തു തീർക്കുക. നല്ലത് ധാരാളം വായിക്കുക.

ഉള്ള് തുറന്നു ചിരിക്കുക, കൂട്ടുകാരെ ആത്മാർഥമായി സ്നേഹിക്കുക, ആരോടും അസൂയ യും വിദ്വേഷവും കാണിക്കാതിരിക്കുക, കഴിയും വിധം എല്ലാവരെയും സഹായിക്കുക.

കള്ളം പറയാതിരിക്കുക, മാതാപിതാക്കളെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യുക, അധ്യാപകരെയും അനുസരിക്കുക, മുതിർന്നവരെ ബഹുമാനിക്കുക, ചീത്ത കൂട്ടുകെട്ട് വെടിയുക.

ആരെയും തരംതാണവരായി കാണരുത്. എല്ലാവരെയും ആദരിക്കുക, ആരെയും വഞ്ചി ക്കരുത്, ദൈവത്തെ സദാ ഓർക്കുക, അവനോട് പതിവായി പ്രാർഥിക്കുക.

ഈ രീതി പതിവാക്കി നോക്കൂ. അപ്പോൾ മനസ്സ് നല്ലതാകും. മനസ്സ് നല്ലതായാൽ നാം നമ്മുടെ മാതാപിതാക്കൾ ആഗ്രഹിക്കുന്നതുപോലെ വലിയവരായി മാറും, തീർച്ച.